
# ഹെസദ്

OFFICIAL NEWSLETTER OF SYRO MALABAR CATHOLIC CHURCH, DUBLIN - IRELAND



സ്വാഗത മംഗള ശോഭിതനെ
പ്രാർത്ഥനയോടെ
SYRO MALABAR CATHOLIC CHURCH
DUBLIN - IRELAND

## നോമ്പുകാലം
## പുണ്യങ്ങളുടെ
## പൂക്കാലം





Mar Stephen Chirappanath
(Apostolic Visitator to Europe)







Most Reverend Diarmuid Martin
(Archbishop of Dublin)

# വിശ്വാസ തീഷ്ണതയിൽ അയർലണ്ടിലെ സീറോ മലബാർ സഭ

## പത്താം വാർഷിക ആഘോഷങ്ങളുടെ സമാപനത്തിൽ പങ്കെടുത്തത് ആയിരങ്ങൾ

ഡബ്ലിൻ: അയർലണ്ടിലെ സീറോ മലബാർ സഭയുടെ പത്താം വാർഷിക ആഘോഷങ്ങളുടെ സമാപനത്തിലും നോക്ക് തീർത്ഥാടനത്തിലും പങ്കെടുത്തത് ആയിരങ്ങൾ. മെയ് 6 ശനിയാഴ്ച്ച അയർലണ്ടിലെ വിവിധ ഭാഗങ്ങളിൽ നിന്നായി എത്തിച്ചേർന്ന വിശ്വാസികൾ സീറോ മലബാർ സഭയുടെ വിശ്വസവും പാരമ്പര്യവും വിളിച്ചോതി. സീറോ മലബാർ സഭ യൂറോപ്പ് അപ്പസ്റ്റോലിക് വിസിറ്റേറ്റർ ബിഷപ്പ് സ്റ്റീഫൻ ചിറപ്പണത്ത് സമാപന ചടങ്ങുകൾ ഉത്ഘാടനം ചെയ്തു. ബിഷപ്പ് സ്റ്റീഫൻ ചിറപ്പണത്ത്, മോൺ. ആന്റണി പെരുമായൻ, ഫാ. ചെറിയാൻ വാരികാട്ട്, ഫാ. ആന്റണി ചീരംവേലിൽ MST, ബീനാ ജോയി (ബ്യൂമോണ്ട്), ബിനു ആന്റണി (ബ്ലാഞ്ചാർഡ്സ്ടൗൺ), അലക്സ്, രേഷ്മ മോനച്ചൻ (ബെൽഫാസ്റ്റ്) എന്നിവർ ചേർന്ന് ഭദ്ര ദീപം കൊളുത്തി.

സീറോ മലബാർ സഭയ്ക്ക് അയർലണ്ടിൽ കഴിഞ്ഞ 10 വർഷം ദൈവം നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദിയുടെ വിശുദ്ധ കുർബാന അർപ്പിച്ചു. ബിഷപ്പ് സ്റ്റീഫൻ ചിറപ്പണത്തിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന ആഘോഷപൂർവമായ സമൂഹബലിയിൽ സീറോ മലബാർ സഭ നാഷണൽ കോ ഓർഡിനേറ്റർ മോൺ: ഫാ. ആന്റണി പെരുമായൻ(ബെൽഫാസ്റ്റ്), അപ്പസ്റ്റോലിക് വിസിറ്റേഷൻ കോഓർഡിനേറ്ററും സീറോ മലബാർ സഭ റോം വികാരിയുമായ ഫാ.ചെറിയാൻ വാരികാട്ട് , ഫാ. ജോസ് ഭരണികുളങ്ങര (ഡബ്ലിൻ), ഫാ. ആന്റണി ചീരംവേലിൽ MST(ഡബ്ലിൻ), ഫാ. പോൾ ചൂരത്തൊട്ടിൽ(കോതമംഗലം), ഫാ.ജോസഫ് പള്ളിയോടയിൽ (കാനഡ), ഫാ.മാർട്ടിൻ ശങ്കൂരിക്കൽ(ബെൽജിയം), ഫാ. പോൾ മോറേലി (ബെൽഫാസ്റ്റ്), ഫാ.ജോസഫ് കറുകയിൽ (ഡെറി), ഫാ. സെബാസ്റ്റ്യൻ അറയ്ക്കൽ (കോർക്ക്), ഫാ. റോബിൻ തോമസ് കൂറുമുള്ളിൽ(ലീമെറിക്), ഫാ. റെജി ചെറുവൻകാലായിൽ MCBS (ലോങ്ഫോർഡ്), ഫാ.ക്രൈസ്റ്റ് ആനന്ദ് IC എന്നിവർ സഹകാർമ്മികരായിരുന്നു.

സീറോ മലബാർ സഭ പുറത്തിറക്കുന്ന സമരണികയുടെ പ്രകാശന കർമ്മം ബിഷപ്പ് സ്റ്റീഫൻ ചിറപ്പണത് നിർവഹിച്ചു. മോൺ. ഫാ. ആന്റണി പെരുമായൻ സ്വാഗതവും ബിനു ജോസ് നന്ദിയും പറഞ്ഞു. തുടർന്ന് കൊടികളും മുത്തുക്കുടകളും സ്വർണ്ണം, വെള്ളി കുരിശുകളും തിരുസ്വരൂപങ്ങളും വഹിച്ചു കൊണ്ടും, പ്രാർത്ഥനഗാനങ്ങൾ ആലപിച്ചുകൊണ്ടും വിശ്വാസികൾ അണിചേർന്ന പ്രദക്ഷിണം പ്രവാസി സമൂഹത്തിന്റെ വിശ്വാസത്തിന്റെ ഏറ്റവും വലിയ പ്രഘോഷണമായി. അയർലണ്ട് സീറോ മലബാർ സഭ അഡ്ഹോക് കമ്മറ്റിയുടെയും വിവിധ മാസ്സ് സെന്ററുകളുടെയും നേതൃത്വത്തിൽ വിപുലമായ ക്രമീകരണങ്ങളാണ് ഒരുക്കിയത്. അയർലണ്ടിലെ സീറോ മലബാർ സഭയുടെ അഡ്ഹോക് കമ്മറ്റി രണ്ട് വർഷം പൂർത്തിയാക്കിയതിനെ തുടർന്ന് സംയുക്ത കമ്മറ്റി കൂടി പുതിയ സഭായോഗം ചുമതല ഏറ്റെടുത്തു.

നോക്ക് മരിയൻ തീർഥാടനത്തിലും, ദശാബ്ദി ആഘോഷങ്ങളിലും പങ്കെടുത്ത അയർലണ്ടിലെ മുഴുവൻ വിശ്വാസികൾക്കും ആഘോഷപരിപാടികൾ മനോഹരമാക്കിയ വിവിധ കമ്മറ്റികൾക്കും അയർലണ്ട് സീറോ മലബാർ സഭ നാഷണൽ കോ ഓർഡിനേറ്റർ മോൺ: ഫാ. ആന്റണി പെരുമായൻ നന്ദി അറിയിച്ചു.

SYRO MALABAR CATHOLIC CHURCH
DUBLIN - IRELAND
www.syromalabar.ie

## ZONAL COORDINATION COUNCIL MEMBERS

**Mar Stephen Chirappanath**
Apostolic Visitator to Europe

Rev. Dr. Cherian Varikkattu
Coordinator General of the Apostolic Visitation

Rev. Dr. Msgr. Antony Perumayan
National Coordinator SMC Ireland

Chaplains
Rev. Fr. Jose Bharanikulangara
Rev. Fr. Antony Cheeramvelil MST
Rev. Dr. Clement Padathiparambil

Secretary
Johnson Chackalackal

Joint Secretary
Sunny Mathew

Trustee
Tibi Mathew

PRO
Maju Peckel

Excecutive Members
Joby John - Phibsborough
Jomon Thomas - St. Joseph's (Blackrock)
Jose Chacko - Swords
Pappachan Thachil - Beaumont
Raji Dominic - Lucan
Sony Joseph - Tallaght

Members
Alexmon Jose - Tallaght
Antu Varghese - Tallaght
Binoy Augustine - Phibsborough
Janner George -Bray
Jimmy Antony - Lucan
Jisha Baiju - Inchicore
Joby Augustine - Swords
Joy Thomas -Swords
Rajesh James- Beaumont
Rhine Jose - Inchicore
Saju Melparambil - Blanchardstown
Sally Tomy - Blanchardstown
Sajan Varghese - Beaumont
Shijo Manoj -Tallaght
Thomson Thomas- Bray
Thomas Joseph -St Joseph's (Blackrock)
Vincent Thomas - St Joseph's (Blackrock)


Mass Centre Secretaries
Biju Nadackal - Bray
Binujith Sebastian - Inchicore
Dennis Sebastian - St Joseph's (Blackrock)
Jose Sebastian(Joy) - Phibsborough
Pappachan Thachil - Beaumont
Shibu Joseph - Lucan
Sheena Francis - Swords
Thomas Antony - Blanchardstown
Toban Thomas - Tallaght



# "ധനമെന്ന വിഗ്രഹത്തെ ആരാധിക്കരുത്"

## ഫ്രാൻസീസ് പാപ്പാ

"ധനവാന്റെ ദൈവം അവന്റെ സമ്പത്തായിരുന്നു. നല്ല വിളവു ലഭിച്ചിട്ടും അത്യാഗ്രഹം അവിടം കൊണ്ടവസാനിക്കാതെ, വലിയ അറപ്പുരകൾ നിർമിക്കുകയായിരുന്നു അയാൾ... അതുകൊണ്ട് ദൈവം അയാളുടെ ധനത്തോടുള്ള ആഗ്രഹത്തെ നിയന്ത്രിക്കുക യാണ്...". തനിക്കുവേണ്ടിത്തന്നെ സമ്പാദിക്കുന്നവൻ അതിനെ ശാശ്വതമാക്കുന്നില്ല എന്നുദ്ബോധിപ്പിച്ചുകൊണ്ട് പാപ്പാ തുടർന്നു: "ഇന്നും ഇതും യാഥാർത്ഥ്യമാണ്. അനേകർ ഇന്നും സമ്പത്തിനെ ആരാധിച്ചുകൊണ്ടു ജീവിക്കുന്നു. അത് ജീവിതത്തിനു അർത്ഥം നൽകുന്നില്ല... തനിക്കുവേണ്ടിത്തന്നെ നിക്ഷേപങ്ങളുണ്ടാക്കുന്ന വർ, ദൈവത്തോടുകൂടി സമ്പത്തുണ്ടാക്കുന്നതെങ്ങനെയെന്ന് അറി യുന്നില്ല..." ധനത്തിന്റെ അടിമയായിരിക്കുന്നവർക്കുമുമ്പിൽ, വിശപ്പനുഭവിക്കുന്ന കുഞ്ഞുങ്ങൾ, മരുന്നു വാങ്ങാനോ, പഠിക്കാനോ കഴിയാത്ത കുഞ്ഞുങ്ങൾ ഉപേക്ഷിക്കപ്പെടുകയാണ് എന്നും ആവശ്യക്കാർക്കു കൊടുക്കാതെ ധനം സ്വരൂപിക്കുന്നവർ വിഗ്രഹാരാധകർ തന്നെ യാണ് എന്നും പറഞ്ഞ പാപ്പാ, അവർ ആരാ ധിക്കുന്ന ധനത്തിനു മുമ്പിൽ ബലിയർപ്പിക്കപ്പെടുന്ന ജീവിതങ്ങൾ അനേകമാണെന്നു ചൂണ്ടിക്കാട്ടുകയായിരുന്നു: "ഈ വിഗ്രഹാരാധനയിൽ മനുഷ്യർ ബലിയർപ്പിക്കപ്പെടുന്നു. ഈ വിഗ്രഹാരാധന അനേകരെ പട്ടിണിയിലാക്കുന്നു". അഭയാർഥി ക്യാമ്പിൽ ദുരിതമേറിയ ജീവിതം നയിക്കുന്ന എട്ടുലക്ഷം റോഹിങ്ക്യ കളുടെയിടയിൽ ഒരുലക്ഷം കുഞ്ഞുങ്ങളാണ് ഭക്ഷണമില്ലാതെ, പോഷണമില്ലാതെ കഴിയുന്നത് എന്ന് വേദനയോടെ അനുസ്മരിച്ച പാപ്പാ ഈ അത്യാഗ്രഹത്തിൽ നിന്നു മനുഷ്യൻ മോചിക്കപ്പെടേണ്ട തിന് ശക്തമായി പ്രാർഥിക്കുക എന്ന ആഹ്വാനം നൽകിയാണ് തന്റെ സന്ദേശം അവസാനിപ്പിച്ചത്. *(കടപ്പാട്: വത്തിക്കാൻ റേഡിയോ)*




Editorial Board

Chief Editor
Maju Peckal

Editors
Joby John
Joby Augustine

*Welcome to our first edition of Newsletter!*

*We are delighted to introduce this first edition of the Syro Malabar Catholic Church Dublin newsletter.In this edition we are sharing information about our major activities and events in 2017. We intend to make it a regular publication and to use it to keep you in touch with news and developments which relate to the Dublin Syro Malabar Catholic Church. Let us work together…..*



# “വ്യാജപ്രബോധകരാൽ വഞ്ചിതരാകരുത്”

## പാപ്പായുടെ നോമ്പുകാലസന്ദേശം

**2018ലെ നോമ്പുകാലത്തിന് ഒരുക്കമായി പരിശുദ്ധപിതാവു ഫ്രാൻസീസ് പാപ്പാ നല്കിയ സന്ദേശം പ്രസിദ്ധപ്പെടുത്തി. ”അധർമം വർധിക്കുന്നതിനാൽ പലരുടെയും സ്നേഹം തണുത്തുപോകും” എന്ന വി. മത്തായിയുടെ സുവിശേഷത്തിൽ നിന്ന് (24:12) പ്രമേയസൂക്തം സ്വീകരിച്ചുകൊണ്ടുള്ള ഈ പ്രബോധനത്തിന്റെ പരിഭാഷ ചേർക്കുന്നു.**

പ്രിയ സഹോദരീസഹോദരന്മാരേ,

ഒരിക്കൽക്കൂടി കർത്താവിൻറെ പെസഹാ അടുത്തെത്തിയിരിക്കുന്നു! നമ്മുടെ ഈസ്റ്റർ ഒരുക്കങ്ങളിൽ, ദൈവം തൻറെ പരിപാലനയാൽ ഓരോ വർഷവും നോമ്പിൻറെ ഒരു കാലഘട്ടം നമ്മുടെ മാനസാന്തരത്തിൻറെ കൗദാശികമായ അടയാളമായി നമുക്കു നൽകുകയാണ്. ഈ നോമ്പുകാലം, പൂർണ ഹൃദയത്തോടെ നമ്മുടെ ജീവിതത്തിന്റെ സർവ മാനങ്ങളോടും കൂടിയ തിരിച്ചുവരവിനായി നമ്മെ ക്ഷണിക്കുകയും, നമ്മെ അതിനു പ്രാപ്തരാക്കുകയും ചെയ്യുകയാണ്.

ഈ സന്ദേശത്തിലൂടെ, ഞാനാഗ്രഹിക്കുന്നത്, നമ്മുടെ ഈ രക്ഷാകരകാലം സന്തോഷത്തിലും യഥാർഥത്തിലും നവമായും അനുഭവിക്കുന്നതിന് സഭമുഴുവനെയും സഹായിക്കുക എന്നതാണ്. മത്തായിയുടെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന യേശുവിന്റെ വാക്കുകളിൽ നിന്ന് ഒരു സൂചകം ഇതിനായി ഞാൻ എടുക്കുകയാണ്: ”അധർമം വർധിക്കുന്നതിനാൽ പലരുടെയും സ്നേഹം തണുത്തുപോകും” (24:12).

ഈ വാക്കുകൾ, യുഗാന്ത്യത്തെക്കുറിച്ചുള്ള യേശു വിന്റെ പ്രഭാഷണത്തിൽ കാണപ്പെടുന്നതാണ്. ജറുസലെമിൽ, അവിടുത്തെ പീഡാനുഭവം ആരംഭിക്കുന്ന ഒലിവുമലയിൽ വച്ചാണ് കർത്താവ് ഈ വാക്കുകൾ പറയുന്നത്. ശിഷ്യന്മാരുടെ ഒരു ചോദ്യത്തിനുത്തരമായി, വരാനിരിക്കുന്ന, മഹാദുരിതങ്ങളെക്കുറിച്ചു യേശു മുന്നറിയിപ്പു നൽകുകയും, വിശ്വാസികളുടെ സമൂഹം നേരിടാനിരിക്കുന്ന, വലിയ പരീക്ഷണങ്ങളെക്കുറിച്ച്, അവരെ വഴിതെറ്റിക്കാനിരിക്കുന്ന വ്യാജപ്രബോധകരെക്കുറിച്ച്, അനേകരുടെ ഹൃദയത്തിലെ സുവിശേഷത്തിന്റെ സത്താകേന്ദ്രമായ സ്നേഹം തണുത്തുപോകും എന്നതിനെക്കുറിച്ച് അവിടുന്ന് വിശദീകരിക്കുകയും ചെയ്യുന്നു.

### വ്യാജപ്രവാചകർ

വ്യാജപ്രവാചകന്മാർ ഏതൊക്കെ കപടവേഷങ്ങളിലായിരിക്കും എത്തുക എന്ന് സുവിശേഷഭാഗങ്ങളിൽ നിന്നു നമുക്ക് വ്യക്തമാണ്. അവർ സർപ്പത്തിൻറെ വശീകരണവുമായി എത്താൻ കഴിയുന്നവരാണ്. മറ്റുള്ളവരെ അധീനപ്പെടുത്താനും, അവരുടെ ഇഷ്ടമനുസരിച്ച് അവരെ നയിക്കാനുമായി മാനുഷിക വികാരങ്ങളെ അവർ ചൂഷണം ചെയ്യുന്നു. എത്രയോ ദൈവമക്കൾ നൈമിഷികസുഖങ്ങൾ, യഥാർഥ സന്തോഷങ്ങളെന്നു തെറ്റിദ്ധരിപ്പിക്കുന്ന മാസ്മരികതയിൽ പെട്ടുപോകുന്നു! സ്ത്രീപുരുഷന്മാർ, സാമ്പത്തികമായ സ്വപ്ന കവാടത്തിലൂടെ കടന്ന്, തങ്ങളെത്തന്നെ ലാഭത്തിൻറെയും അധമതാല്പര്യങ്ങളുടെയും അടിമകളാക്കുന്നു! എത്രയോപേർ തങ്ങൾത്തന്നെ തങ്ങളുടെ കാര്യങ്ങൾ നോക്കാൻ മതിയായവരാണെന്നു വിശ്വസിച്ചുകൊണ്ട് ജീവിക്കുകയും, അവസാനം ഏകാന്തതയുടെ കെണിയിലകപ്പെടുകയും ചെയ്യുന്നു!

അറിവും സാമർഥ്യവും നടിച്ച്, എളുപ്പത്തിലും ഉടനടിയും സഹനത്തിനു പരിഹാരം നിർദേശിക്കാൻ കഴിയുന്നവരാണ് വ്യാജപ്രബോധകരെങ്കിലും അത് ഒട്ടും ഉപകരിക്കുന്നതല്ലെന്നു വളരെവേഗം തെളിയും. എത്രയോ യുവജനങ്ങൾ എന്തിനും പ്രതിവിധിയായി മയക്കുമരുന്നുകളുടെയും, വലിച്ചെറിയുന്ന ബന്ധങ്ങളുടെയും, എളുപ്പത്തിലും കാപട്യത്തിലൂടെയുമുള്ള നേട്ടങ്ങളുടെയും വശീകരണത്തിലകപ്പെടുന്നു! അതിലുമെത്രയോ അധികം അർഥരഹിതമായ ബന്ധങ്ങളുടെ കെണിയിലകപ്പെടുന്നു! ഈ വഞ്ചകർ, യഥാർഥ്യമൂല്യമില്ലാത്ത കാര്യങ്ങൾ നൽകി, ജനങ്ങളിൽ നിന്ന് അവരുടെ വിലപ്പെട്ടതെല്ലാം, അവരിലെ മാനവമഹത്വവും, സ്വാതന്ത്ര്യവും, സ്നേഹിക്കാനുള്ള കഴിവും കവർന്നെടുക്കുന്നു! മായികമായതിനായി വാദിക്കാനും ബാഹ്യമോടികളിൽ ശരണം വയ്ക്കാനും പഠിപ്പിച്ച് അവസാനം നമ്മെ വിഡ്ഢികളാക്കുന്നു! ”നുണയനും നുണയുടെ പിതാവുമായ പിശാച്” (യോഹ 8:44) തിന്മയെ നന്മയാക്കിയും നുണയെ സത്യമാക്കിയും മനുഷ്യഹൃദയത്തെ സന്നിഗ്ധാവസ്ഥയിലാക്കുന്നു. അതുകൊണ്ട്, വ്യാജപ്രവാചകരുടെ നുണ കൾക്കിരയായിട്ടുണ്ടോ എന്ന് നമ്മുടെ ഹൃദയങ്ങളിലേക്കു ചുഴിഞ്ഞു നോക്കുവാൻ നാമോരോരുത്തരും വിളിക്കപ്പെടുകയാണ്. ഉപരിപ്ലവമായതിന്റെ അടിത്തട്ടിലേക്ക്, സൂക്ഷിച്ചുനോക്കുവാൻ നാം പഠിക്കണം. അതുപോലെ, നമ്മുടെ നന്മയ്ക്കായി, ദൈവത്തിൽ നിന്നു നമ്മുടെ ഹൃദയങ്ങളിലേയ്ക്കു വരുന്ന നന്മയുടെ മായാത്ത മുദ്ര തിരിച്ചറിയുന്നതിനും നാം പഠിക്കേതുണ്ട്

### തണുത്ത ഹൃദയങ്ങൾ

ദാന്തെ അലിഗിയേരി നരകത്തെക്കുറിച്ചു വർണിക്കുമ്പോൾ, സാത്താനെ, മഞ്ഞുസിംഹാസനത്തിൽ, തണുത്തുറഞ്ഞ് ഏകാന്തതയിൽ ഇരിക്കുന്നതായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. നമ്മുടെ സ്നേഹം നമ്മുടെയുള്ളിൽ തണുക്കാൻ തുടങ്ങുമ്പോൾ നാം ഇതെങ്ങനെ സംഭവിക്കുന്നുവെന്നു നമ്മോടു ചോദിക്കണം. നമ്മുടെ സ്നേഹം തണുക്കാനാരംഭിക്കുന്നതിന്റെ അടയാളങ്ങളെന്തൊക്കെയാണ്?

മറ്റെന്തിനെക്കാളും, സ്നേഹത്തെ നശിപ്പിക്കുന്നത് ധനത്തോടുള്ള അത്യാഗ്രഹമാണ്, അത് എല്ലാ തിന്മകളുടെയും വേരാണ് (1 തിമോ 6:10). ദൈവത്തെ ഉപേക്ഷിക്കുമ്പോൾ, അവിടുന്നു നൽകുന്ന സമാധാനവും പൊയ്പ്പോകും. അപ്പോൾ അവിടുത്തെ വാക്കുകളിലും കൂദാശകളിലും നാം കരുതുന്ന സംതൃപ്തിയെക്കാൾ അതിൽനിന്നുള്ള നമ്മുടെ അകൽച്ച നമുക്ക് അഭിലഷണീയമാകും. ഇവയെല്ലാം, മറ്റുള്ളവർ നമ്മുടെ നിശ്ചയങ്ങൾക്ക് ഭീഷണിയാണെന്നു തോന്നിപ്പി ക്കുകയും അവരോടുള്ള അക്രമത്തിലേക്കു നമ്മെ നയിക്കുകയും ചെയ്യും. അപ്പോൾ നമ്മുടെയിടയിലുള്ള ജനിക്കാത്ത കുഞ്ഞും, വൃദ്ധരും, രോഗികളും, പരദേശിയും, പ്രവാസിയും, നമ്മുടെ പ്രതീക്ഷകൾക്കൊത്തു ജീവിക്കുന്നില്ലെന്നു നാം കരുതുന്ന നമ്മുടെ അയൽക്കാരുമെല്ലാം നമുക്കു ഭീഷണിയായിത്തീരുന്നുവെന്നു തോന്നും. സൃഷ്ടികുലം തന്നെ സ്നേഹം തണുത്തുറയുന്നതിൻറെ ഒരു നിശ്ശബ്ദസാക്ഷ്യം ആയിത്തീരുന്നുണ്ട് ഭൂമി ഉപേക്ഷയാൽ വിഷലിപ്തമാകുന്നു! നമ്മുടെ, അശ്രദ്ധയാൽ അല്ലെങ്കിൽ സ്വകാര്യതാൽപ്പര്യങ്ങളാൽ ഭൂമി അവഗണിക്കപ്പെടുന്നു! ബോട്ടുകൾ തകർന്നു വിഴുങ്ങപ്പെടുന്ന എണ്ണമറ്റ നിർബന്ധിത കുടിയേറ്റക്കാരാൽ സമുദ്രങ്ങളും മലിനമാക്കപ്പെടുന്നു! ദൈവത്തിൻറെ പദ്ധതിയനുസരിച്ച്, സ്തുതികളാലപിക്കാൻ സൃഷ്ടിക്ക പ്പെട്ട ആകാശങ്ങൾ, മരണത്തിന്റെ മഴവർഷി ക്കുന്ന യന്ത്രങ്ങളാൽ വാടകയ്ക്കെടുക്ക പ്പെട്ടിരിക്കുന്നു!



പ്രാർഥനയ്ക്കായി കൂടുതൽ സമയം ചെലവഴിച്ചുകൊണ്ട്, നമ്മുടെ ഹൃദയങ്ങളിലെ രഹസ്യമായി ഒളിഞ്ഞിരിക്കുന്ന നുണകളെയും അവയുടെ ആത്മവഞ്ചനയുടെ രൂപങ്ങളെയും നമുക്കു പിഴുതെറിയുവാൻ സാധിക്കും. അപ്പോൾ നമുക്ക് ദൈവം തരുന്ന സമാശ്വാസം കണ്ടെത്താൻ കഴിയും. അവിടുന്നു നമ്മുടെ പിതാവാണ്, നാമെല്ലാവരും ക്ഷേമമായി ജീവിക്കണമെന്ന് ആഗ്രഹിക്കുന്ന പിതാവ്.

ദാനധർമം, നമ്മെ, അത്യാഗ്രഹത്തിൽ നിന്നു മോചിപ്പിക്കുകയും, നമ്മുടെ അയൽക്കാരെ സഹോദരീ സഹോദരന്മാരായി നോക്കുന്നതിനു സഹായിക്കുകയും ചെയ്യുന്നു. ഞാൻ സ്വന്തമാക്കിയതൊന്നും ഇനിയൊരിക്കലും എന്റേതുമാത്രമായിരിക്കുകയില്ല. നാമോരോരുത്തരും, ദാനധർമത്തെ ഒരു യഥാർഥ ജീവിതശൈലിയാക്കി മാറ്റുന്നതിന് ഞാനെത്രമാത്രം ആഗ്രഹിക്കുന്നു! അപ്പസ്തോലന്മാരുടെ മാതൃക അനുകരിക്കുന്നവരായി, നമ്മുടെ സമ്പത്ത് പങ്കുവച്ചുകൊണ്ട്, നമ്മുടെ സഭയിലെ ഐക്യത്തിന്റെ തീർച്ചയുള്ള സാക്ഷ്യമായിരിക്കുന്നതു കാണാനായി ഞാനെത്രമാത്രം ആഗ്രഹിക്കുന്നുവെന്നോ!... ഇന്ന് എന്നിലൂടെ ദൈവം ആരെയെങ്കിലും സഹായിക്കുന്നുവെങ്കിൽ, നാളെ, എന്റെ ആവശ്യങ്ങളിൽ അയാളിലൂടെ ദൈവം എനിക്കു സഹായകനായിക്കൂടേ? എന്തെന്നാൽ, ദൈവത്തെക്കാൾ, ഔദാര്യവാനായി ആരുമില്ല.

ഉപവാസം, നമ്മുടെ അക്രമവാസനയെ ബലഹീനമാക്കുന്നു... ഒരുതരത്തിൽ, അഗതിത്വവും പട്ടിണിയും സഹിക്കേതെങ്ങനെയെന്ന് അനുഭവമാകാൻ അതു നമ്മെ പഠിപ്പിക്കുന്നു. മറ്റൊരുതരത്തിൽ, നമ്മുടെ ആത്മീയ വിശപ്പിനെയും ദാഹത്തെയും, ദൈവത്തിനു വേണ്ടിയുള്ള ജീവിതത്തെയും പ്രകടമാക്കുന്നു. ഉപവാസം നമ്മെ ഉണർത്തുന്നു. അത് ദൈവത്തോടും നമ്മുടെ അയൽക്കാരോടും കൂടുതൽ സമീപസ്ഥരായിരിക്കാൻ കഴിവുള്ളവരാക്കുന്നു... അത്, നമ്മുടെ വിശപ്പിനെ തൃപ്തിപ്പെടുത്താൻ കഴിയുന്നത് ആർക്കു മാത്രമാണോ ആ ദൈവത്തെ അനുസരിക്കാനുള്ള ആഗ്രഹത്തെ ജ്വലിപ്പിക്കുന്നു...

**നമ്മുടെ ഹൃദയങ്ങൾ വിശ്വാസത്തിലും, പ്രത്യാശയിലും സ്നേഹത്തിലും കൂടുതൽ കൂടുതൽ തീക്ഷ്ണമായിത്തീരട്ടെ!**

### ഉത്ഥാനത്തിന്റെ അഗ്നി

എല്ലാറ്റിനുമുപരി, സഭാംഗങ്ങളെ ഈ നോമ്പുകാലയാത്ര ആവശേത്തോടും, ദാനധർമത്തിന്റെയും ഉപവാസത്തിന്റെയും പ്രാർഥനയുടെയും പരിപോഷണത്തോടുംകൂടി നടത്തുന്നതിനു ഞാൻ ശക്തമായി ഉപദേശിക്കുന്നു. ചില സമയങ്ങളിൽ, നമ്മുടെ ഹൃദയങ്ങളിലെ സ്നേഹാഗ്നി അണഞ്ഞുപോകുന്നുവെന്നു തോന്നുമ്പോൾ, ഇതൊരിക്കലും ദൈവികഹൃദയത്തിൽ സംഭവിക്കുകയില്ലെന്നു അറിയുക. ദൈവം നിരന്തരമായി, വീണ്ടും പുതുതായി സ്നേഹം ആരംഭിക്കാനുള്ള അവസരം തരുന്നുണ്ട്...

ഈസ്റ്ററിന്റ ജാഗരണപ്രാർഥനയിൽ, നാം ഈസ്റ്റർ തിരി തെളിക്കുന്ന ഹൃദയസ്പർശിയായ കർമം ആചരിക്കുന്നുണ്ട്. പുതിയ തീയിൽ നിന്നു കൊളുത്തുന്ന ഈ തിരി, അന്ധകാരത്തെ അകറ്റുകയും, ദൈവാരാധനയ്ക്കായി ഒരുമിച്ചു കൂടിയിരിക്കുന്ന സമൂഹത്തെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു. അത് നമ്മെ, എമ്മാവൂസിലേക്കുള്ള വഴിയിലായിരുന്ന ശിഷ്യന്മാരുടെ അനുഭവത്തെ നവമായി ജീവിക്കാൻ സഹായിക്കുകയും ചെയ്യുന്നു. ദൈവവചനം ശ്രവിച്ചും ദിവ്യകാരുണ്യമേശയിൽനിന്ന് പോഷണം സ്വീകരിച്ചും, നമ്മുടെ ഹൃദയങ്ങൾ വിശ്വാസത്തിലും, പ്രത്യാശയിലും സ്നേഹത്തിലും കൂടുതൽ കൂടുതൽ തീക്ഷ്ണമായിത്തീരട്ടെ!

ഏറെ വാത്സല്യത്തോടും, നിങ്ങൾക്കുവേണ്ടിയുള്ള എന്റെ പ്രാർഥന വാഗ്ദാനം ചെയ്തുകൊണ്ടും, നിങ്ങൾക്കെന്റെ ആശീർവാദം നേരുന്നു. എനിക്കുവേണ്ടി പ്രാർഥിക്കുന്നതിനു മറക്കരുതേ!

*(കടപ്പാട്: വത്തിക്കാൻ റേഡിയോ)*






## പ്രൊ ലൈഫ് റാലിക്ക് ആവേശകരമായ പിന്തുണയുമായി

# ഡബ്ലിൻ സീറോ മലബാർ സഭ

**ഡബ്ലിൻ**: ഗർഭച്ഛിദ്രം വഴി നിഷ്ക്കളങ്കരായ മനുഷ്യ ജീവനുകളെ നേരിട്ട് കൊല്ലുന്നത് നിയമനുസൃതമാക്കുന്ന രാഷ്ട്രനിയമങ്ങൾ ജീവിക്കുവാനുള്ള വ്യക്തിയുടെ അവകാശത്തോടുള്ള കടന്നാക്രമണമാണ്. ഗർഭധാരണ നിമിഷം മുതൽ സ്വാഭാവിക മരണം വരെ മനുഷ്യ ജീവൻ ആദരിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും വേണം. എന്നാൽ മനുഷ്യ ജീവൻ ഏറ്റവും ദുർബലവും നിഷ്കളങ്കവും നിസ്സഹായവുമായ അവസ്ഥയിൽ ഗർഭപാത്രത്തിൽ വച്ചുതന്നെ കൊലചെയ്യുവാനുള്ള നീക്കത്തെ ഇല്ലാതാക്കണം. മനുഷ്യ ജീവനോടുള്ള വെല്ലുവിളികൾ സമകാലിക ലോകത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. നാമോരോരുത്തരെയും പോലെ ജീവിക്കാനുള്ള അവകാശത്തെ ഗർഭച്ഛിദ്രം വഴി ഇല്ലാതാക്കാനുള്ള നീക്കത്തെ ശക്തമായി എതിർക്കുക എന്നുള്ളത് നമ്മുടെ കടമയണ്. മനുഷ്യ ജീവൻ പരമ പവിത്രമായ ദൈവിക ദാനമാണ്. ഗർഭഛിദ്ര നിയമത്തി നെതിരെ താക്കീത് നൽകി ആയിര ക്കണക്കിന് ജനങ്ങൾ ഡബ്ലിൻ തെരുവീഥി കളിൽ പ്രതിഷേധ പ്രകടനം നടത്തി.

**LOVE BOTH**

യൂത്ത് ഡിഫൻസ്, പ്രഷ്യസ് യൂത്ത്, ലൈഫ് ഇൻസ്റ്റിട്യൂട്ട് എന്നിവയുടെ നേതൃത്വത്തിൽ പാർനൽ സ്ക്വയറിൽ ആരംഭിച്ച റാലി ഓകോണൽ സ്ട്രീറ്റിലൂടെ റാലി മെറിയോൺ സ്ക്വയറിൽ സമാപിച്ചു. പ്രൊ ലൈഫ് പ്രസ്ഥാനങ്ങളുടെ വാർഷിക സംഗമായ റാലി ഓഫ് ലൈഫിൽ പങ്കെടുക്കാൻ അയർലണ്ടിന്റെ എല്ലാ ഭാഗത്ത് നിന്നുമുള്ള ജനങ്ങൾ എത്തിയിരുന്നു. മനുഷ്യ ജീവന്റെ മഹത്വത്തെ പ്രകീർത്തിച്ചുള്ള ബാനറുകളും, അബോർഷന് വിധേയരാവുന്ന കുട്ടികളുടെ സ്ഥിതിവിവര ക്കണക്കുകളും, പ്രൊ ലൈഫിനെ പിന്തുണയ്ക്കുന്ന ബാനറുകളും ഉയർത്തി വർണ്ണാഭമായ അന്തരീക്ഷത്തിലാണ് റാലി നടന്നത്. ഇനിയും പിറക്കാത്ത ഗർഭസ്ഥ ശിശുക്കളുടെ ജീവൻ രക്ഷിക്കുക എന്ന മുദ്രാവാക്യം ഉയർത്തിയാണ് ആയിരങ്ങൾ മാർച്ചിനെത്തിയത്. നൂറുകണക്കിന് വിദ്യാർഥികളുടെയും യുവജനങ്ങളുടെയും ആവേശോജ്വലമായ പങ്കാളിത്വം പ്രത്യേകം ശ്രദ്ധേയമായി. ഐ ആം പ്രൊ ലൈഫ് എന്ന എഴുത്തോട് കൂടിയ ടീ ഷർട്ട് ധരിച്ച് മാർച്ചിൽ പങ്കെടുത്തവരിൽ പലരും കുടുംബ സമ്മേതമാണ് എത്തിയത്.

മനുഷ്യ ജീവനെ ആദരിക്കുവാനും സ്നേഹിക്കുവാനും സംരക്ഷിക്കുവാനും ശുശ്രുഷിക്കുവാനുമാണ് സഭ നമ്മളെ പഠിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ ഗർഭച്ഛിദ്രം നിയമവിധേയമാക്കാനുള്ള നീക്കത്തെ നമ്മൾ ശക്തമായി എതിർക്കേണ്ടി യിരിക്കുന്നു.

ഡബ്ലിൻ സീറോ മലബാർ സഭയുടെ നേതൃത്വത്തിൽ അണിനിരന്ന നൂറു കണക്കിന് മലയാളികളുടെ സാന്നി ദ്ധ്യത്താലും റാലി ശ്രദ്ധേയമായി. പിഞ്ചു കുട്ടികൾ അടക്കം അയർലണ്ടിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് റാലിയ്ക്കെത്തിയ പ്രവർത്തകർ ആവേശപൂർവമാണ് റാലി ഓഫ് ലൈഫിൽ പങ്കെടുത്തത്. പ്രത്യേക ബാനറിന് കീഴെ അണിനിരന്ന സീറോ മലബാർ സഭ ചാപ്ലയിൻസ് ഫാ.ജോസ് ഭരണികുളങ്ങര, ഫാ.ആന്റണി ചീരംവേലിൽ MST, ട്രസ്റ്റി ടിബി മാത്യു, സെക്രട്ടറി ജോൺസൺ ചക്കാലയ്ക്കൽ എന്നിവർ നേതൃത്വം നൽകി.

# SAVE LIVES & SAVE THE 8TH

അമ്മയുടെ ഉദരത്തിൽ വളരുന്ന കുഞ്ഞിന് ജീവിക്കാനുളള അവകാശം ഉറപ്പാക്കുന്ന ഐറിഷ് ഭരണഘടനയിലെ 8-ആം ഭേദഗതി (8th amendment) റദ്ദാക്കാനുളള (repeal) പുറപ്പാടിലാണല്ലൊ നമ്മൾ ജീവിക്കുന്ന ഈ അയർലണ്ട്. അതിനായി ഒരു റഫറൻഡം, മിക്കവാറും മെയ് മാസത്തിൽ, നടത്താൻ ഗവണ്മെന്റ് പദ്ധതിയിടുന്നു. 8-ആം ഭേദഗതി റിപീൽ ചെയ്താൽ ഈ രാജ്യത്ത് ഗർഭഛിദ്രം (abortion) നിയമാനുസൃതമാകും. ആശുപത്രികളിൽ അബോർഷൻ നടത്തപ്പെടും. അതിന് സഹായിക്കേണ്ട സാഹചര്യം അവിടെ ജോലി ചെയ്യുന്ന നാം പലരും അഭിമുഖിക്കേണ്ടി വരാം. അബോർഷൻ ക്ളിനിക്കുകൾ പലയിടങ്ങ ളിലും പ്രവർത്തിച്ചു തുടങ്ങും. ആയിര ക്കണക്കിന് കുഞ്ഞുങ്ങളുടെ ജീവൻ നശിപ്പി ക്കപ്പെടും. ഉദരത്തിൽ വളരുന്ന കുഞ്ഞിനെ നശിപ്പിക്കുന്നത് കൊലപാതകമാണ്...ഇത് ഒരു ധാർമ്മിക പ്രശ്നം മാത്രമല്ല, മനുഷ്യാവകാശ പ്രശ്നം കൂടിയാണ്.കാരണം, അമ്മയുടെ ഉദരത്തിലെ കുഞ്ഞിനും ജീവിക്കാൻ അവകാശമുണ്ട് അത് സംരക്ഷിക്കപ്പെടണം



അബോർഷൺ സപ്പോർട്ട് ചെയ്യുന്ന Pro-Choice കാരും ജീവനെ സംരക്ഷിക്കാൻ നിലനില്കുന്ന Pro-Life കാരും ശക്തമാണിവിടെ. ഈയവസരത്തിൽ Pro- Life movement \mw support ചെയ്യേതായിട്ടുണ്ട്. ഏറ്റവും പ്രധാന കാര്യം മെയ് മാസത്തിൽ പ്ലാൻ ചെയ്യുന്ന റഫറണ്ടത്തിൽ വോട്ട് ചെയ്യുവാൻ പേര് രജിസ്റ്റർ ചെയ്ത് തയ്യാറാവുക എന്നതാണ്.

ഐറിഷ് പൗരത്വമുള്ള എല്ലാവരും അതിന് ശ്രമിക്കുമല്ലോ. Vote.ie എന്ന വെബ് സൈറ്റിൽ വിശദ വിവരങ്ങൾ ലഭ്യമാണ്. രണ്ടാമതായിട്ട് Pro- Life ആയിട്ടുള്ള പല ഗ്രൂപ്പുകൾ ഉണ്ട്. അതിലെ പ്രവർത്തനങ്ങളിൽ സഹകരിക്കാം, അതിൽ volunteer ചെയ്യാം. മൂന്നാമതായിട്ട് അവരുടെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കാം. നാലാമതായിട്ട് ജീവന്റെ സംരക്ഷണത്തിനായി പ്രാർത്ഥിക്കാം ഈ ദിവസങ്ങളിൽ ഇവിടെ കൊടുത്തിരിക്കുന്ന Pro-Life groupകളിൽ ധാരാളം നല്ല വിവരങ്ങൾ അറിയാൻ സാധിക്കും.

loveboth.ie
www.save8.ie
www.thelifeinstitute.net

സ്നേഹമുള്ളവരെ ദൈവം നല്കുന്ന ജീവൻ നമുക്ക് സംരക്ഷിക്കാം, അതിനായി നമുക്കാവുന്നത് ചെയ്യാം



# കുടുംബ നവീകരണ ധ്യാനം നവ്യാനുഭവമായി






ഡബ്ലിൻ : ഡബ്ലിൻ സീറോ മലബാർ സഭയുടെ Carmel Spiritual Renewal Retreat (കുടുംബ നവീകരണ ധ്യാനം) 2017 ഒക്ടോബർ 28, 29, 30, (ശനി, ഞായർ, തിങ്കൾ) തീയ്യതികളിൽ നടത്തപ്പെട്ടു. ബ്ലാഞ്ചാർഡ്സ്ടൗൺ, പിബ്ബിൾസ്ടൌൺ കമ്മ്യൂണിറ്റി സെന്ററിൽ രാവിലെ 9.30 മുതൽ 5.30 വരെയാണ് ധ്യാനം സംഘടിപ്പിച്ചത്. പ്രശസ്ത ധ്യാനഗുരു ഫാ.ഡാനിയേൽ പൂവണ്ണത്തിൽ അച്ചനാണ് ധ്യാനം നയിച്ചത്. ധ്യാനത്തിന്റെ ഉത്ഘാടനം ബിഷപ്പ് ഫ്രാൻസിസ് ഡഫി (Diocese of Ardagh & Clonmacnois) ശനിയാഴ്ച്ച രാവിലെ 10 മണിക്ക് തിരി തെളിച്ച് നിർവഹിച്ചു.

കുടുംബ നവീകരണ ധ്യാനത്തിന് നടത്തപ്പെട്ട ശുശ്രൂഷകളിൽ പങ്കെടുക്കാൻ അയർലണ്ടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നൂറു കണക്കിന് വിശ്വാസികൾ എത്തിയിരുന്നു. ധ്യാനം അനുഗ്രഹപ്രദമാക്കി മാറ്റാൻ പ്രയത്നിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവർക്കും സീറോ മലബാർ സഭ ചാപ്ലൻമാരായ ഫാ.ആന്റണി ചീരംവേലിൽ MST, ഫാ.ജോസ് ഭരണിക്കുളങ്ങര എന്നിവർ നന്ദി അറിയിച്ചു.

## ക്രിസ്റ്റീൻ ധ്യാനം സംഘടിപ്പിച്ചു





ഡബ്ലിൻ സീറോ മലബാർ സഭയുടെ ക്രിസ്റ്റീൻ ധ്യാനം 2017 ഒക്ടോബർ 28, 29, 30 ബ്ലാഞ്ചാർഡ്സ്ടൗൺ പിബ്ബിൾസ്ടൗൺ കമ്മ്യൂണിറ്റി സെന്ററിൽ വച്ച് സംഘടിപ്പിച്ചു. ആദ്യ കുർബാന സ്വീകരിച്ച കുട്ടികൾ മുതൽ കോളേജ് വിദ്യാർത്ഥികൾ വരേയുള്ളവർക്കാണ് കുടുംബനവീകരണ ധ്യാനത്തോടൊപ്പം ക്രിസ്റ്റീൻ ധ്യാനവും സംഘടിപ്പിച്ചത്. ഡബ്ലിന്റെ വിവിധ മാസ്സ് സെന്ററുകളിൽ നിന്നായി 400 ഓളം കുട്ടികൾ ധ്യാനത്തിൽ പങ്കെടുത്തു. അയർലണ്ടിലെ പ്രമുഖരായ വൈദികരാണ് ധ്യാനത്തിൽ വിവിധ ക്ലാസുകൾ നയിച്ചത്. ഡബ്ലിൻ സീറോ മലബാർ സഭയുടെ യുവജന വിഭാഗമായ യൂത്ത് ഇഗ്നൈറ്റ്, വേദപാഠ അദ്ധ്യാപകർ തുടങ്ങിയവർ നേതൃത്വം നൽകി.



## ബൈബിൾ കലോത്സവം

# ഡബ്ലിൻ അതിരൂപത സഹായ മെത്രാൻ റെയമണ്ട് ഫീൽഡ് ഉദ്ഘാടനം ചെയ്തു

ഡബ്ലിൻ: ഒക്ടോബർ 1 ഞായറാഴ്ച്ച ബ്യൂമോണ്ട് ആർട്ടൈൻ ഹാളിൽ വച്ച് ഡബ്ലിൻ സീറോ മലബാർ സഭയുടെ അഞ്ചാമത് ബൈബിൾ കലോത്സവം നടത്തപ്പെട്ടു. ഉച്ചക്ക് 1.30 ന് ഹാളിനു സമീപമുള്ള സെൻറ് ജോൺ വിയാനി പള്ളിയിൽ വച്ച് നടന്ന വിശുദ്ധ കുർബാനയോടെ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. തുടർന്ന് 2.30ന് ആർട്ടൈൻ ഹാളിൽ വച്ച് നടന്ന പൊതുയോഗം ഡബ്ലിൻ അതിരൂപത സഹായ മെത്രാൻ റെയ്മണ്ട് ഫീൽഡ് ഉദ്ഘാടനം ചെയ്തു. ഡബ്ലിൻ അതിരൂപത വികാരി ജനറൽ മോൺ: പോൾ കല്ലൻ അധ്യക്ഷത വഹിച്ചു. സീറോ മലബാർ സഭ അയർലണ്ട് കോഓർഡിനേറ്റർ മോൺ: ആന്റണി പെരുമായൻ മുഖ്യ അതിഥിയായിരുന്നു. സീറോ മലബാർ കാത്തലിക് ചർച്ച് ഡബ്ലിൻ സെക്രട്ടറി ജോൺസൻ ചക്കാലയ്ക്കൽ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ബൈബിൾ കലോ ത്സവം കൺവീനർ ലിങ്ക്വിൻസ്റ്റർ സ്വാഗതവും രാജേഷ് ജെയിംസ് നന്ദിയും പറഞ്ഞു.

സീറോ മലബാർ സഭയുടെ ഡബ്ലിനിലെ വിശ്വാസ പരിശീലന വിഭാഗം അഞ്ചു മുതൽ പത്തു വരെയുള്ള ക്ലാസ്സുകളിൽ നടത്തിയ വേദപാഠ സ്കോളർഷിപ്പ് പരീക്ഷയിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി സ്കോളർഷിപ്പിനും സമ്മാനത്തിനും അർഹരായവരെയും ബൈബിൾ ക്വിസ് മത്സരങ്ങളിൽ ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ വിഭാഗങ്ങളിൽ ഒന്ന്, രണ്ട്, മൂന്ന് സമ്മാനങ്ങൾ ലഭിച്ചവരെയും ലീവിങ് സെർട്ട്, ജൂനിയർ സെർട്ട് പരീക്ഷയിൽ ഉന്നത വിജയം നേടിയവരെയും ബ്യൂമൌണ്ട് ആർട്ടെയിൻ ഹാളിൽ നടന്ന ബൈബിൾ കലോത്സവ വേദിയിൽ വച്ച് ആദരിച്ചു. യൂത്ത് ഇഗ്നറ്റ് സംഘടിപ്പിച്ച ഷോർട് ഫിലിം മത്സരത്തിൽ വിജയിച്ച നോബിൾ പോൾ, പത്താം വർഷത്തോട നുബന്ധിച്ചു പുറത്തിറക്കിയ സുവനീർ കവർ, പേര് മത്സരങ്ങ ളിൽ വിജയിച്ച ബിനു കെ.പി., നോബിൾ പോൾ എന്നിവർക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. വിവാഹത്തിന്റെ സിൽവർ ജൂബിലി ഈ വർഷം ആഘോഷിക്കുന്ന ജോൺസൻ ചക്കാലക്കൽ - ജാൻസി, ടോമി തെക്കേക്കര - സാലി പോൾ ദമ്പതികളെ ബൈബിൾ കലോത്സവവേദിയിൽ ആദരിച്ചു.

ഒൻപത് മാസ് സെന്ററുകളിൽ നിന്നുള്ള പ്രതിഭകൾ അണിയിച്ചൊരുക്കിയ കലാവിരുന്ന് ബൈബിൾ കലോത്സവത്തിന്റെ മുഖ്യ ആകർഷകമാക്കി. ബൈബിൾ കലോത്സവത്തിന് ആഥിധേയത്വം വഹിച്ച ബ്യൂമൌണ്ട് മാസ്സ് സെന്ററിനും പങ്കെടുത്ത് വിജയിപ്പിച്ച ഏവർക്കും ഡബ്ലിൻ സീറോ മലബാർ സഭ നന്ദി അർപ്പിച്ചു.

















# കുടുംബ സംഗമം വർണാഭമായി

ഡബ്ലിൻ: പ്രവാസ ജീവിതത്തിന്റെ തിരക്കുകളിൽ നിന്നൊഴിഞ്ഞ് വിനോദത്തിന്റെ വർണ്ണക്കാഴ്ച്ചകളുമായി ഡബ്ലിൻ സീറോ മലബാർ സഭ ജൂൺ 24 ശനിയാഴ്ച്ച രാവിലെ 10 മണി മുതൽ ലൂക്കൻ വില്ലേജ് യൂത്ത് സെന്ററിൽ സംഘടിപ്പിച്ച കുടുംബസംഗമത്തിൽ വിവിധ ഇടവകകളിൽ നിന്നുമുള്ള നൂറുകണക്കിന് അംഗങ്ങൾ പങ്കെടുത്തു. പ്രശസ്ത ഐറീഷ് മാന്ത്രികൻ നയിച്ച മാജിക്കും പപ്പറ്റ് ഷോയും കുതിര സവാരിയും ഡബ്ലിൻ സീറോ മലബാർ സഭ Youth Ignite നേതൃത്വം നൽകിയ ഫ്ലാഷ് മോബും കുടുംബ സംഗമത്തെ ആകർഷകമാക്കി. ഒൻപത് മാസ്സ് സെന്ററുകളെ ഒരു കുടക്കീഴിൽ അണിനിരത്തി കുടുംബ സുഹൃത് ബന്ധങ്ങൾ ഊട്ടിയുറപ്പിക്കാനും, നർമ്മസല്ലാപത്തിനുമായുള്ള ഈ ഒത്തു ചേരലിൽ വിനോദത്തിനും വിജ്ഞാനത്തിനുമായുള്ള വിവിധ മത്സരങ്ങൾ മുതിർന്നവർക്കും, കുട്ടികൾക്കും, ദമ്പതികൾക്കുമായി നടത്തപ്പെട്ടു. ബൗൻസിങ്ങ് കാസിൽ, ഫേസ് പെയിന്റിംഗ്, സഭയുടെ വിവിധ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഗെയിമുകൾ, കേരള രുചിയുള്ള വൈവിധ്യമാർന്ന ഭക്ഷ്യസ്റ്റാളുകൾ, പ്രമുഖ ഗായകർ പങ്കെടുത്ത ഗാനമേളയും എന്നിവ കുടുംബസംഗമ വേദിയെ വർണ്ണാഭമാക്കി. പുരുഷ വനിത ടീമുകൾ പങ്കെടുത്ത വടംവലി മത്സരവും ഫുട്ബോൾ മത്സരവും കുടുംബ സംഗമത്തെ വ്യത്യസ്തമാക്കി. വിജയികൾക്ക് മോൺ. ആന്റണി പെരുമായാൻ, ഫാ.ജോസ് ഭരണിക്കുളങ്ങര, ഫാ. ആന്റണി ചീരംവേലിൽ MST എന്നിവർ സമ്മാനങ്ങൾ വിതരണം ചെയ്തു. കുടുംബസംഗമം വൻ വിജയമാക്കി ഏവർക്കും ഡബ്ലിൻ സീറോ മലബാർ സഭ നന്ദി അറിയിച്ചു.

DUBLIN, IRELAND
WORLD MEETING of FAMILIES
21-26 AUGUST 2018

## കുടുംബങ്ങളുടെ ലോകസമ്മേളനം 2018നു ഒരുക്കമായ ഔദ്യോദിക കുടുംബ പ്രാർത്ഥന

പിതാവായ ദൈവമേ,
ഞങ്ങളെല്ലാവരും അങ്ങയുടെ ആത്മാവിന്റെ സ്നേഹത്തിൽ,
അങ്ങയുടെ പുത്രനായ യേശുവിൽ,
സഹോദരീസഹോദരന്മാരും, ഒരു കുടുംബവുമാണ്.

അങ്ങയുടെ സ്നേഹത്തിന്റെ ആനന്ദത്താൽ ഞങ്ങളെ അനുഗ്രഹിക്കണമേ.

ഞങ്ങളെ സഹിഷ്ണുതയുള്ളവരും ദയയുള്ളവരും,
സൗമ്യരും ഉദാരമനസ്കരും,
നിരാലംബരെ ഉൾക്കൊള്ളുന്നവരുമാക്കി മാറ്റേണമേ.
അങ്ങയുടെ ക്ഷമയിലും സമാധാനത്തിലും ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

എല്ലാ കുടുംബങ്ങളെയും അങ്ങയുടെ സ്നേഹപരിചരണത്താൽ സംരക്ഷിക്കണമേ,
വിശിഷ്യാ, ഞങ്ങളിപ്പോൾ പ്രാർത്ഥിക്കുന്നവർക്കു വേണ്ടിയും:

*[ഒരു നിമിഷം നിർത്തി,*
*കുടുംബാംഗങ്ങളെയും മറ്റുള്ളവരെയും പേരുചൊല്ലി ഓർമ്മിക്കുന്നു]*

ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ,
ഞങ്ങളുടെ പ്രതീക്ഷ വർദ്ധിപ്പിക്കണമേ,
അങ്ങയുടെ സ്നേഹത്തിൽ ഞങ്ങളെ സുരക്ഷിതരാക്കണമേ,
ഞങ്ങൾ പങ്കുവയ്ക്കുന്ന, ദാനമായി കിട്ടിയ ഈ ജീവിതത്തിനു
ഞങ്ങളെ കൃതജ്ഞതയുള്ളവരാക്കി മാറ്റേണമേ.

ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, ഇതു ഞങ്ങൾ അപേക്ഷിക്കുന്നു.

ആമ്മേൻ

അമ്മയും വഴികാട്ടിയുമായ മറിയമേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.
പിതാവും സംരക്ഷകനുമായ വിശുദ്ധ യൗസേപ്പേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.
വിശുദ്ധരായ യാക്കിമേ, അന്നയെ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.
വിശുദ്ധരായ ലൂയിസെ, സെലി മാർട്ടിനെ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

# വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തിരുനാൾ ആഘോഷിച്ചു.





**ഡബ്ലിൻ:** ഡബ്ലിൻ സീറോ മലബാർ സഭയിൽ സാർവത്രിക സഭയുടെ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ മരണതിരുനാൾ ആഘോഷിച്ചു. മാർച്ച് 18 ന് ഉച്ചകഴിഞ്ഞു 2 മണിക്ക് സെൻറ് ജോസഫ്സ് മാസ്സ് സെന്ററിലെ മെറിയോൻ റോഡ് ഔർ ലേഡി ക്യൂൻ പീസ് ദേവാലയത്തിൽ ഫാ. ടോമി പാറാടിയിൽ ആഘോഷമായ തിരുനാൾ കുർബാനയ്ക്ക് മുഖ്യ കാർമ്മികത്വം വഹിക്കുകയും തിരുനാൾ സന്ദേശം നൽകുകയും ചെയ്തു. ഡബ്ലിൻ സീറോ മലബാർ സഭ ചാപ്ലൈൻസ് ഫാ. ജോസ് ഭരണിക്കുളങ്ങര, ഫാ. ആൻറണി ചീരംവേലിൽ MST എന്നിവർ സഹ കാർമ്മികരായിരുന്നു. വിശുദ്ധ യൗസേപ്പിതാവിന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള പ്രദക്ഷണം, ലദീഞ്ഞ്, നൊവേന, തിരുനാൾ നേർച്ച എന്നിവ തിരുനാളിനെ കൂടുതൽ ഭക്തസാന്ദ്രമാക്കി. തിരുനാൾ മനോഹരമാക്കിയ സെന്റ് ജോസഫ്സ് മാസ്സ് സെന്റർ കൂട്ടായ്മയ്ക്ക് ഡബ്ലിൻ സീറോ മലബാർ സഭ ചാപ്ലൈൻസ് നന്ദി അറിയിച്ചു.



# ബിഷപ്പ് മാർ ലോറൻസ് മുക്കുഴിയ്ക്ക് ഡബ്ളിനിൽ സ്വീകരണം നൽകി

കർണാടക - ബെൽത്തങ്ങാടി സീറോ മലബാർ രൂപതാ ബിഷപ്പ് മാർ ലോറൻസ് മുക്കുഴിയ്ക്ക് ഡബ്ളിനിൽ സ്വീകരണം നൽകി. മാർച്ച് 26 ഞായറാഴ്ച ഉച്ചയ്ക്ക് 12.30 മണിക്ക് ഇഞ്ചിക്കോർ മേരി ഇമ്മാക്കുലേറ്റ് ദേവാലയത്തിൽ വച്ചും ഏപ്രിൽ 2 ഞായറാഴ്ച വൈകിട്ട് 5 മണിക്ക് ലുക്കാൻ ഡിവൈൻ മേഴ്‌സി ദേവാലയത്തിൽ വച്ചും സ്വീകരണം നൽകി. ബിഷപ്പിന്റെ മുഖ്യ കാർമ്മികത്വത്തിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും പരിശുദ്ധ കുർബാന മധ്യേ ലോറൻസ് മുക്കുഴി പിതാവ് സന്ദേശം നൽകുകയും ചെയ്തു. സ്വീകരണം നൽകിയ ഇഞ്ചിക്കോർ മാസ്സ് സെന്ററിന് ചാപ്ലിൻ ആന്റണി ചീരംവേലിൽ MST നന്ദി അർപ്പിച്ചു.



ഡബ്ലിൻ സീറോ മലബാർ സഭയിൽ

## ആദ്യവെള്ളി ആചരണം

എല്ലാ മാസവും ആദ്യത്തെ വെള്ളിയാഴ്ച

ആരാധന, വി.കുർബ്ബാന, നൊവേന, ജപമാല, കുമ്പസാരം

വൈകുന്നേരം 6.00 മുതൽ 8.30 വരെ

**St. Martin de Porres Church, Aylesbury, Tallaght**

# വചന പ്രഘോഷണ ശുശ്രൂഷയും പീഡാനുഭവ സ്മരണപുതുക്കലും ആഴമേറിയ ആത്മീയ അനുഭവത്തിന് വേദിയായി

ഡബ്ലിൻ സീറോ മലബാർ സഭയുടെ ആഭിമുഖ്യത്തിൽ ബ്ലാഞ്ചാർഡ്സ് ടൗൺ, ക്ലോണി, ഫിബ്ബിൾസ്ടൗൺ കമ്മ്യൂണിറ്റി സെന്ററിൽ നടത്തപ്പെട്ട വചന പ്രഘോഷണ ശുശ്രൂഷയും പീഡാനുഭവ സ്മരണ പുതുക്കലും ബ്ലാഞ്ചാർഡ്സ്ടൗൺ ഹാർട്സ്ടൗൺ പള്ളി വികാരി ഫാ. ജോർജ് ബേഗലി ഉദ്ഘടാനം ചെയ്തു. മൂന്നു ദിവസം നീണ്ടു നിന്ന ധ്യാനത്തിന് റവ. ഫാ. ആന്റണി പാറങ്കിമാലിൽ വി.സി. (Divine Retreat Centre, Kenya) ആണ് നേതൃത്വം നൽകിയത്. പീഡാനുഭവ ശുശ്രൂഷകളിലും നോമ്പു കാല ധ്യാനത്തിലും ആയിരത്തിലധികം പേർ പങ്കെടുത്തു. ക്രിസ്തുവിന്റെ അന്ത്യ അത്താഴത്തിന്റെയും വിശുദ്ധ കുർബാന സ്ഥാപിച്ചതിന്റെയും സ്മരണ പുതുക്കി ഡബ്ലിനിലെ സീറോ മലബാർ സഭ പെസഹാ ആചരിച്ചു. ശിഷ്യന്മാരുടെ കാലുകൾ കഴുകി വിനയത്തിന്റെ മാതൃകയായ രക്ഷകന്റെ സ്മൃതിയിൽ കാൽകഴുകൽ ശുശ്രൂഷ നടന്നു. കുരിശുമരണത്തിന് ഏൽപ്പിച്ചു കൊടുക്കപ്പെടുന്ന തിനു മുമ്പു ക്രിസ്തു പെസഹാ അപ്പം ഭക്ഷിച്ചതിനെ അനുസ്മരിച്ച് അപ്പം മുറിക്കൽ ശുശ്രൂഷയും നടത്തപ്പെട്ടു. ഈശോയുടെ പീഡാനുഭവത്തെ അനുസ്മരിച്ചുകൊണ്ട് പീഡാനുഭവ വായനയും കുരിശിന്റെ വഴിയും നടത്തപ്പെട്ടു. ധ്യാനത്തിനും വലിയ ആഴ്ച തിരുക്കർമ്മങ്ങൾക്കും ഫാ.ജോസ് ഭരണിക്കുളങ്ങര, ഫാ.ആന്റണി ചീരംവേലിൽ MST, ഫാ.ആന്റണി പറങ്കി മാലിൽ വി.സി., ഫാ. ജോസഫ് വെള്ളനാൽ OCD, ഫാ. സിജി പന്നകത്തിൽ SSP എന്നിവർ നേതൃത്വം നൽകി.







## പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോഹണ തിരുന്നാൾ ആചരിച്ചു

ഡബ്ലിൻ സീറോ മലബാർ സഭ ഓഗസ്റ്റ് 15ന് ബ്രേ സെന്റ് ഫെർഗാൾസ് ദേവാലയത്തിൽ വച്ച് പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോഹണ തിരുന്നാളും ഭാരതത്തിന്റെ സ്വതന്ത്രദിന അനുസ്മരണവും നടത്തി. ഫാ. ആന്റണി നല്ലുകുന്നേൽ മുഖ്യ കാർമ്മികനായിരുന്നു. ഫാ. ജോസ് ഭരണികുളങ്ങര, ഫാ. ആന്റണി ചീരംവേലിൽ MST എന്നിവർ സഹകർമ്മികരായിരുന്നു. പരിശുദ്ധ കന്യകാമറിയതിന്റെ രൂപം വഹിച്ചുകൊണ്ട് പ്രദക്ഷിണവും നടന്നു.

BLANCHARDSTOWN - EVERY FIRST SATURDAY
Littlepace Church, Clonee, 5.00pm - 7.00pm

LUCAN - EVERY THIRD SATURDAY
Divine Mercy Church, Lucan, 9.30am - 12.00pm


PHIBSBOROUGH - EVERY THIRD SATURDAY
St.Alponsus Monastery, Iona Road, Drumcondra, 6.15pm - 8.30pm

ST. JOSEPH'S - EVERY FOURTH FRIDAY
Church of the Guardian Angels, Blackrock, 6.00pm - 8.00pm

TALLAGHT - EVERY FOURTH SATURDAY
St. Mark's Churh, Springfield, 10.00am - 12.00pm







# സകല വിശുദ്ധരുടെ തിരുന്നാളും ഏഞ്ചൽസ് മീറ്റും നടത്തപ്പെട്ടു

ഡബ്ലിൻ: ഓഗസ്റ്റ് 27 ഞായറാഴ്ച്ച ഇഞ്ചികോർ മേരി ഇമ്മാകുലേറ്റ് ദേവാലയത്തിൽ വച്ച് പരിശുദ്ധ കന്യകാമറിയത്തിന്റെയും വി. തോമാശ്ലീഹായുടെയും കേരള സഭയിൽ നിന്നുള്ള വിശുദ്ധരായ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെയും, വി.അൽഫോൻസാമ്മയുടെയും, വി.ഏവുപ്രസിയാമ്മയുടെയും സംയുക്ത തിരുനാൾ ആഘോഷിച്ചു. 26 ശനിയാഴ്ച്ച തിരുനാളിന് തുടക്കം കുറിച്ച് കൊണ്ട് വൈകിട്ട് 8ന് ഇഞ്ചിക്കോർ മേരി ഇമ്മാക്കുലേറ്റ് പള്ളിയിൽ ലദീഞ്ഞ് നടത്തപ്പെട്ടു.തുടർന്ന് പള്ളിയിൽ നിന്ന് പ്രദക്ഷണമായി നീങ്ങിയ വിശ്വാസസമൂഹം കൊടി ഉയർത്തൽ ചടങ്ങിലും ഭക്ത്യാദരപൂർവ്വം പങ്കെടുത്തു. ഫാ.ടോമി പാറാടിയിൽ കൊടി ഉയർത്തി. 27 ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2.00 ന് ഈ വർഷം ആദ്യ കുർബാന സ്വീകരിച്ച കുട്ടികളുടെ മദ്ബഹ പ്രദക്ഷിണത്തോടുകൂടി തിരുനാൾ കർ മ്മങ്ങൾ ആരംഭിച്ചു. തുടർന്ന് ഫാദർ ഡേവിസ് പട്ടത്തിന്റെ മുഖ്യ കാർമ്മികത്വത്തിൽ ആഘോഷകരമായ സമൂഹബലിയും, ഫാദർ ആന്റണി നല്ക്കുന്നേലിന്റെ നേതൃത്വത്തിൽ ലദീഞ്ഞും, ഫാദർ റോബിൻ കൂറു മുള്ളിലിന്റെ നേതൃത്വത്തിൽ പരിശുദ്ധ അമ്മയുടെ ഗ്രോട്ടോയിലേക്ക് പ്രദക്ഷിണവും നടത്തപ്പെട്ടു. തിരുനാൾ നേർച്ച വിതരണം, കൊടിയിറക്ക് എന്നിവ ഉണ്ടായിരുന്നു. തിരുനാളിനോട് അനുബന്ധിച്ച് ഡബ്ലിൻ സീറോ മലബാർ സഭയുടെ മാസ് സെന്ററുകളിൽ ഈ വർഷം ആദ്യകുർബാന സ്വീകരണം നടത്തിയ എല്ലാ കുട്ടികളും പങ്കെടുത്ത 'ഏഞ്ചൽസ് മീറ്റും' നടത്തപ്പെട്ടു.










BEST INDIAN CATERERS IN IRELAND

Your catering partner for all celebrations

ROYAL Caterers

Lilmar Industrial Estate, Santry, Dublin - 9

Phone No. 0862 183 824, 089 951 5307

www.royalcaterersdublin.com

Serving Happiness to your home




SMALL OR LARGE, INDOOR OR OUTDOOR WE DO CATERING FOR CHRISTENING, NAMING CEREMONIES, BIRTHDAY, COMMUNIONS, CONFIRMATIONS, WEDDING CEREMONIES, ANNIVERSARIES, FESTIVALS & GATHERINGS

# BURNING BUSH
# യുവജന ധ്യാനം സംഘടിപ്പിച്ചു




സീറോ മലബാർ സഭ യൂത്ത് ഇഗ്നൈറ്റിന്റെ നേതൃത്വത്തിൽ യുവജനങ്ങൾക്കായി ആഗസ്റ്റ് 25, 26 തീയതികളിൽ ST. ANNE'S CHURCH, BOHERNABREENA, TALLAGHT, CO. DUBLIN വച്ച് 'THE BURNING BUSH' ധ്യാനം സംഘടിപ്പിച്ചു. പ്രശസ്ത ധ്യാനഗുരുവും സീറോ മലബാർ സഭയുടെ യൂറോപ്പിലെ യുവജന കോർഡിനേറ്ററുമായ ബിനോജ് മുളവരിക്കൽ അച്ചൻ അയർലണ്ടിലെ യുവജനങ്ങളുടെ സമകാലിക പ്രശന അവലോകനം നടത്തുന്നതിനും ആത്മീയവും ഭൗതീകവുമായ ശാക്തീകരണത്തിനു വേണ്ട മാർഗനിർദ്ദേശങ്ങൾ തന്റെ അനുഭവങ്ങളിലൂടെ പങ്കുവയ്ക്കാനുമായിട്ടാണ് അയർലണ്ടിൽ എത്തിയത്. നമ്മുടെ യുവജനങ്ങളുടെ ജീവിത ശൈലിയും സാഹചര്യങ്ങളും എങ്ങനെ അവർക്കും സമൂഹത്തിനും ഉപകാരപ്രദമായി പ്രയോജനപ്പെടുത്താമെന്നും, കാര്യങ്ങൾ നല്ലവണ്ണം മനസ്സിലാക്കി തീരുമാനങ്ങൾ എങ്ങനെ എടുക്കാമെന്നും കുടുംബ ബന്ധങ്ങളുടെ ആഴവും സ്നേഹവും എത്രമാത്രം വിലപ്പെട്ടതാണെന്ന് മനസ്സിലാക്കുന്നതിനും, ക്രിസ്തുവിനു വേണ്ടി സ്നേഹത്തിന്റെ അഗ്നിജ്വാലയായി പ്രകാശിക്കുന്നതിനും 'Burning Bush' ധ്യാനം യുവജനങ്ങൾക്ക് സഹായകമായി. ധ്യാനത്തിന്റെ വിജയത്തിനായി പ്രവർത്തിച്ച യൂത്ത് ഇഗ്നൈറ്റിന് ഡബ്ലിൻ സീറോ മലബാർ സഭ നന്ദി അറിയിച്ചു.

# ഡബ്ലിൻ സീറോ മലബാർ സഭ
# വിവാഹ ഒരുക്ക സെമിനാർ ആരംഭിച്ചു.



ഡബ്ലിൻ സീറോ മലബാർ സഭയുടെ നേതൃത്വത്തിൽ വിവാഹ ഒരുക്ക സെമിനാർ ആരംഭിച്ചു . ഡിസംബർ 7, 8, 9 തീയതികളിൽ താല ഹോളി റോസറി പള്ളിയിൽ വച്ചാണ് സെമിനാർ നടന്നത്. മൂന്നു ദിവസവും രാവിലെ 9.30ന് ആരംഭിച്ച് വൈകിട്ട് 5 മണി വരെ നടത്തപ്പെട്ട വിവാഹ ഒരുക്ക സെമിനാറിൽ സീറോ മലബാർ സഭയിലെ എല്ലാ രൂപതകളും അംഗീകരിക്കുന്ന സർട്ടിഫിക്കറ്റ് ആണ് നൽകിയത്. അയർലണ്ടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 28 യുവതി - യുവാക്കൾ സെമിനാറിൽ പങ്കെടുത്തു. 6 മാസത്തിൽ ഒരിക്കലായിരിക്കും ഈ സെമിനാർ ഇനിമുതൽ നടത്തപ്പെടുക

## ബ്രെ ഹെഡിലേക്ക് കുരിശിന്റെ വഴി



സീറോ മലബാർ ചർച്ച് ബ്രെ മാസ്സ് സെന്ററിന്റെ നേതൃത്വത്തിൽ ഏപ്രിൽ മാസം 7 ാം തീയതി നാല്പതാം വെള്ളിയാഴ്ച്ച മുൻ വർഷത്തെപ്പോലെ ബ്രെ ഹെഡിലേക്ക് കുരിശിന്റെ വഴി നടത്തി. ചാപ്ലയിൻ ജോസ് ഭരണികുളങ്ങരയുടെ നേതൃത്വത്തിൽ പ്രാർത്ഥനാപൂർവ്വം ഗാഗുൽത്താമല കുരുശുവഹിച്ചു കയറിയ ക്രിസ്തുവിന്റെ പീഢാനുഭവത്തെ ധ്യാനിച്ചുകൊണ്ട് നടന്ന കുരിശിന്റെ വഴിയിൽ നിരവധി കുടുംബങ്ങൾ പങ്കെടുത്തു.



## ഡബ്ലിൻ സീറോ മലബാർ സഭയ്ക്ക് പുതിയ ചാപ്ലയിൻ

ഡബ്ലിൻ സീറോ മലബാർ സഭയുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി മൂന്നാമത്തെ ചാപ്ലയിൻ ഇരിങ്ങാലക്കുട രൂപതാഗം ഫാ. ക്ലെമന്റ് പാടത്തിപ്പറമ്പിൽ ഡബ്ലിനിൽ എത്തിച്ചേർന്നു. റോമിലെ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും കാനോൻ നിയമത്തിൽ ഡോക്ടറേറ്റ് നേടിയ ശേഷം 8 വർഷക്കാലം ഇരിങ്ങാലക്കുട രൂപതാ ചാൻസിലറായും പ്രവർത്തിച്ചിട്ടുണ്ട്

BEST AIR FARES WORLDWIDE...

SEND MONEY TO YOUR LOVED ONES...

CONFIDENT TRAVEL LIMITED

PH: +353 1 4040606 / +353 862 363130

www.confidenttravel.ie Unit 5, Tuansgate, Belgard Square East, Tallaght, Dublin 24

We assist all Indian Embassy Consular Services



Spice BAZAAR

Feel at home

TALLAGHT / SWORDS / PHIBSBORO

KUMON®

Drumcondra Kumon Study Centre

The Kumon Maths and English study programmes enable students of all ages and abilities to achieve. Our aim is for each and every child to become an independent, advanced learner, with a positive attitude to study

For more details please contact:

Carol Woods

085 812 2292 drumcondra@kumoncentre.ie

# YEAR PLAN 2018

## BIBLE QUIZ 18
2018 FEBRUARY 24, 2.00PM

## ആത്മീയം
15TH & 16TH FEBRUARY 2018, 9.30AM TO 4.00PM
ST. ANNE'S CHURCH, BOHERNABREENA, TALLAGHT, CO.DUBLIN

## മെത്തനോയിയ
പാപങ്ങളിൽ നിന്ന് പിൻതിരിഞ്ഞ്
പിതാവായ ദൈവത്തിലേക്ക് തിരിയുക
2018 MARCH

## സാദരം - 2018
വി.യൗസേപ്പിതാവിന്റെ മരണതിരുനാൾ
ST. MARK'S CHURCH, SPRINGFIELD, TALLAGHT
2018 MARCH 19TH MONDAY 2.30PM - 6.00PM

## കുരിശിന്റെ വഴി
2018 MARCH 23RD FRIDAY, 3.00PM
**BRAY HEAD MOUNTAIN**

## വചനപ്രഘോഷണ ശുശ്രൂഷയും
**വിശുദ്ധവാര തിരുകർമ്മങ്ങളും**
**2018 MARCH 29, 30, 31**
PHIBBLESTOWN COMMUNITY CENTRE

## W A Y
WELCOME ALL YOUTH
**2018 APRIL 7TH, 3.00PM - 8.00PM**
SCOUTS HALL, NORTH CIRCULAR ROAD, DUBLIN - 7

## Youth Retreat
**2018 MARCH 29, 30, 31**
PHIBBLESTOWN COMMUNITY CENTRE

## *Marriage Preparation Course*
2018 APRIL 18TH, 19TH & 20TH
**ST. MARTIN DE PORRES CHURCH, AYLESBURY, TALLAGHT**

## KNOCK PILGRIMAGE
2018 MAY 19, SATURDAY
AT KNOCK PILGRIMAGE CENTRE

## YOUTH DAY
2018 MAY

## CATECHISM CENTRAL EXAM
2018 MAY / JUNE

## CATECHISM TEACHERS CONVENTION
2018 JUNE 9, SATURDAY

## കുടുംബസംഗമം
2018 JUNE 23TH SATURDAY, 9.30AM TO 8.00PM
LUCAN YOUTH CENTRE, PRIMROSE LANE, LUCAN, Co.DUBLIN

## മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ
2018 JULY 3, TUESDAY

## മാതാവിന്റെ സ്വർഗ്ഗാരോഹണ തിരുനാൾ
2018 AUGUST 15, WEDNESDAY

## YOUTH & CHRISTEEN RETREAT
**2018 AUGUST 16, 17, 18**

## സകല വിശുദ്ധരുടെ തിരുനാളും
ഏയ്ഞ്ചൽസ് മീറ്റും
2018 SEPTEMBER 2ND SUNDAY 2.00PM
MARY IMMACULATE CHURCH, TYRCONNELL ROAD, INCHICORE

## ബൈബിൾ കലോത്സവം'18
2018 SEPTEMBER 29 SATURDAY, 2.30PM TO 8.00PM

## CHRISTEEN RETREAT
**2018 OCTOBER 27, 28, 29**
PHIBBLESTOWN COMMUNITY CENTRE

## FAMILY RENEWAL RETREAT
**2018 OCTOBER 27, 28, 29**
PHIBBLESTOWN COMMUNITY CENTRE

## Christmas Celebrations
**2018 DECEMBER**

*Copyright and Disclaimer*
*Copyright © 2018 SMCC Dublin: All rights reserved. Reproduction by any means in whole or in part without the permission of Syro Malabar Catholic Church Dublin is prohibited.*
*Disclaimer: The Syro Malabar Catholic Church Dublin accepts no responsibility or liability howsoever arising from any errors, inaccuracies or omissions in the contents, including advertising and information about third party products or services, of this Newsletter.*